പതിനാലാം കേരള നിയമസഭ
പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1874 10.03.2020 ൽ മറുപടിയ്ക്ക്

## എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള സഹായം

ചോദ്യം മറുപടി

ശ്രീ.ഐ.സി.ബാലകൃഷ്ണൻ

കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) എൻഡോസൾഫാൻ ദുരിതബാധിതരുടെ ചികിത്സക്കും പുനരധിവാസത്തിനും മുൻ സർക്കാർ പദ്ധതി ആവിഷ്കരിച്ചിരുന്നോ; | (എ) എൻഡോസൾഫാൻ ചികിത്സയ്ക്കും, ദുരിത ബാധിതരുടെ പുനരധിവാസത്തിനുമായി 2010 മുതൽ 'സ്നേഹസാന്ത്വനം പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ബി) ഇതിന്റെ ഭാഗമായി മുളളിയാർ പഞ്ചായത്തിലെ മുതലപ്പാറയിൽ ഇരുപത്തിയഞ്ച് ഏക്കർ സ്ഥലം 2015 ൽ കൈമാറിയിരുന്നോ; വ്യക്തമാക്കാമോ; | (ബി) കാസർഗോഡ് ജില്ലയിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ കൈവശമുള്ള 25 ഏക്കർ ഭൂമിയുടെ അവകാശം റവന്യൂ വകുപ്പിൽ നിക്ഷിപ്തമാക്കിക്കൊണ്ട് നിബന്ധനകൾക്ക് വിധേയമായി സാമൂഹ്യനീതി വകുപ്പിന് ഉപയോഗാനുമതിയും മുൻകൂർ കൈവശവും നൽകി 2016 ൽ ഉത്തരവായിട്ടുണ്ട്. |
| (സി) പ്രസ്തുത പുനരധിവാസ സെന്ററിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിന് കാലതാമസം ഉണ്ടായിട്ടുണ്ടോ; എങ്കിൽ കാരണമെന്താണെന്ന് അറിയിക്കാമോ;<br><br>(ഡി) നിലവിൽ അതിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏത് ഏജൻസിയെയാണ് അത് ഏല്പിച്ചിട്ടുളളത് എന്ന് അറിയിക്കാമോ? | (സി) യും (ഡി) യും<br>കാസർഗോഡ് എൻഡോസൾഫാൻ പുനരധിവാസ ഗ്രാമത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഊരാലുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ ഏൽപ്പിക്കുന്നതിന് സാമൂഹ്യനീതി ഡയറക്ടറെ ചുമതലപ്പെടുത്തുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ 2018 ൽ പുനരധിവാസഗ്രാമത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഊരാലുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ ഏൽപ്പിച്ചുകൊണ്ട് സാമൂഹ്യനീതി ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് കണ്ടെത്തുന്നതിന് കാലതാമസം നേരിട്ടതിനാൽ നിർമ്മാണം തുടങ്ങുവാൻ കഴിഞ്ഞിരുന്നില്ല. നിലവിൽ എൻഡോസൾഫാൻ വില്ലേജിന്റെ ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |

Jasmin Thomas

സെക്ഷൻ ഓഫീസർ